(Pages : 3) D – 5067

Reg. No. : .....

Name : .....

First Semester B.Com. Degree Examination, February 2018
First Degree Programme Under CBCSS
MALAYALAM LANGUAGE
Language Course – II : Additional Language – I
ML 1111.2 : നോവൽ, നാടകം, സഞ്ചാരസാഹിത്യം
(2014 Admission Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) 'കൈരളിയുടെ കഥ' എന്ന ഗ്രന്ഥം രചിച്ചതാര് ?

2) ചന്തുമേനോന്റെ അപൂർണ്ണമായ നോവലേത് ?

3) 'ഇരട്ടമുഖമുള്ള നഗരം' എന്ന യാത്രാ വിവരണം എഴുതിയതാര് ?

4) മലയാളത്തിലെ ആദ്യവനിതാ നോവലിസ്റ്റ് ആര് ?

5) കേരളത്തിലെ മതപരിവർത്തനം പ്രമേയമാക്കിയെഴുതിയ ആദ്യ നോവൽ ?

6) മലയാളത്തിലെ ആദ്യത്തെ സാമൂഹിക നാടകമേത് ?

7) മനോമോഹനം നാടകക്കമ്പനി രൂപീകരിച്ചതാര് ?

8) 'ബിലാത്തി വിശേഷം' എഴുതിയതാര് ?

9) മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യ കൃതി ഏത് ?

10) അബ്സേഡ് നാടകത്തിന്റെ പ്രയോക്താവാര് ? **(10×1=10 Marks)**

All Saints' College Trivandrum

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ പ്രത്യേകതകൾ എഴുതുക.

12) രാവുണ്ണി ഭ്രാന്തനായിത്തീരുന്ന സന്ദർഭമേത് ?

13) 'രാവുണ്ണി' നാടകം നൽകുന്ന വായനാനുഭവം എന്താണ് ?

14) പൊറാട്ടു നാടകത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ് ?

15) 'അഷ്ടമിയാത്ര' എന്ന യാത്രാവിവരണ കൃതിയുടെ പ്രത്യേകതയെന്ത് ?

16) 'ആൾക്കൂട്ടത്തിൽ തനിയെ' – പ്രമേയ സവിശേഷതയെന്ത് ?

17) സി. വി. യുടെ ചരിത്രനോവലുകളെക്കുറിച്ചൊരു സംഗ്രഹം തയ്യാറാക്കുക.

18) 'പുല്ലേലിക്കുഞ്ഞു'വിന് നോവൽ ചരിത്രത്തിലുള്ള സ്ഥാനം എന്താണ് ?

19) മലയാളത്തിലെ പ്രധാന രാഷ്ട്രീയനാടകങ്ങളെ പരിചയപ്പെടുത്തുക.

20) 'സമാശ്വസിപ്പിച്ചുകൊണ്ടുള്ള അവളുടെ നോക്കും പോക്കും ഏറ്റവുമധികം മൂല്യം കണ്ടെത്തേണ്ട സന്ദർഭമാണിത്.' ഇങ്ങനെ മാമുട്ടിക്കു തോന്നിയതെപ്പോൾ ?

21) 'മച്ചിലമ്മയ്ക്കു കൂടി വന്നിട്ടും അവളെ അടുക്കാത്ത കുരിപ്പ് ' – എന്താണിവിടെ ഉദ്ദേശിക്കുന്നത് ?

22) പോർട്ടുഗീസുകാരന് ഇംഗ്ലീഷുകാരോടുള്ള ശത്രുതയുടെ കാരണമായി എസ്. കെ. പൊറ്റക്കാട് പറയുന്നതെന്ത് ?

(8×2=16 Mark

III. **ഓരോന്നിനും 120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) 'സൂഫി പറഞ്ഞ കഥ'യുടെ കാലപരിസരമെന്തെന്ന് വിശദമാക്കുക.

24) മേലേപ്പുല്ലാരത്തറവാട്ടിന്റെ ഭൗതികസമൃദ്ധിയെ സൂഫി പറഞ്ഞ കഥ എന്ന നോവൽ പരിചയപ്പെടുത്തുന്നതെങ്ങനെ ?

25) ആധുനിക മുതലാളിത്തത്തിന്റെ ആന്തരികവൈരുദ്ധ്യങ്ങൾ രാവുണ്ണിയിൽ എങ്ങനെ പ്രകടമാകുന്നു ?

26) 'എതിർപ്പിന്റെ പ്രവാചകനാണ് രാവുണ്ണി'. വ്യക്തമാക്കുക.

27) സഞ്ചാരസാഹിത്യശാഖയിൽ വ്യക്തിമുദ്രപതിപ്പിച്ച പ്രമുഖവ്യക്തികളെ പരിചയപ്പെടുത്തുക.

All Saints' College Trivandrum

28) മിത്തും യാഥാർത്ഥ്യവും കെട്ടുപിണഞ്ഞു കിടക്കുന്ന പ്രത്യേക അവസ്ഥ സൂഫി പറഞ്ഞ കഥയിൽ എങ്ങനെ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു ?

29) മലയാളത്തിലെ ആദ്യകാല നാടകങ്ങളെക്കുറിച്ചെഴുതുക.

30) നോവൽ എന്ന സാഹിത്യശാഖയെക്കുറിച്ച് എം. പി. പോൾ നൽകുന്ന വിവരണമെന്ത് ?

31) പി. എം. താജിന്റെ നാടകത്തിന്റെ മുഖമുദ്രകളേവ ? വിശദീകരിക്കുക. **(6×4=24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32) ആഫ്രിക്കയിലെ സാമൂഹികജീവിതം 'കാപ്പിരികളുടെ നാട്ടിൽ' മുൻനിർത്തി വിവരിക്കുക.

33) സംഗീതനാടകത്തിന്റെ ചരിത്രം വിശദീകരിക്കുക.

34) ആവിഷ്കരണത്തിന്റെ ചടുലതയും ഭാഷയുടെ ഭാവസാന്ദ്രതയും കെ. പി. രാമനുണ്ണിയുടെ നോവലുകളുടെ ഒരു പ്രത്യേകതയാണ്. ഉപന്യാസ രൂപത്തിലെഴുതുക.

35) വാക്കുകളിലും ക്രിയകളിലും ഇരമ്പുന്ന പരിഹാസം 'രാവുണ്ണി'യെ വ്യത്യസ്തമാക്കുന്നു – ചർച്ച ചെയ്യുക. **(2×15=30 Marks)**

All Saints' College Trivandrum